"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - പന്ന്യന്നൂർ വില്ലേജ് ഓഫീസിൽ നിന്നും വിരമിച്ച വില്ലേജ്മാൻ, എം.പി.നാരായണൻ നമ്പ്യാർ (Late) ടെ കുടുംബ പെൻഷൻ ടിയാന്റെ മക്കളായ കുമാരി ചന്ദ്രവല്ലി ടി. വി., കുമാരി ഹൈമവതി ടി. വി. എന്നിവർക്ക് തുല്യമായി അനുവദിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.2886/2024/RD തീയതി,തിരുവനന്തപുരം, 04-12-2024

---

പരാമർശം:-

1. കുമാരി ചന്ദ്രവല്ലി ടി. വി., കുമാരി ഹൈമവതി ടി. വി. എന്നിവർ സമർപ്പിച്ച 16.08.2022 ലെ അപേക്ഷകൾ.
2. കണ്ണൂർ ജില്ലാ കളക്ടറുടെ 09.11.2023, 26.07.2024 തീയതികളിലെ DCKNR/710/2023-E6 നമ്പർ കത്തുകൾ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 25.01.2024, 30.08.2024 തീയതികളിലെ എൽ.ആർ/8600/2023- എഫ്.ബി. (എ11) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

റവന്യൂ വകുപ്പിലെ വില്ലേജ്മാൻ തസ്തികയിൽ നിന്നും 28.02.1985 ൽ വിരമിച്ച ശ്രീ. എം.പി.നാരായണൻ നമ്പ്യാർ 05.10.1990 ൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ കുടുംബ പെൻഷൻ ടിയാന്റെ ഭാര്യയായ ശ്രീമതി ടി. വി. അമ്മാളു അമ്മ കൈപ്പറ്റിയിരുന്നതാണെന്നും, ടിയാൾ 17.10.2021 ൽ മരണപ്പെട്ടതിനാൽ അവരുടെ മക്കളായ കുമാരി ചന്ദ്രവല്ലി ടി. വി., കുമാരി ഹൈമവതി ടി. വി. എന്നിവർക്ക് പ്രസ്തുത കുടുംബ പെൻഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷകൾ പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 67 വയസ്സ് പ്രായമുള്ള കുമാരി ചന്ദ്രവല്ലി ടി.വി., 61 വയസ്സ് പ്രായമുള്ള കുമാരി ഹൈമവതി ടി.വി., എന്നിവർ അവിവാഹിതരും തൊഴിൽരഹിതരുമാണെന്നും, ടിയാൾക്കാരുടെ വാർഷിക വരുമാനം യഥാക്രമം 19,200/-, 8,000/- രൂപയാണെന്നും, പരേതന് അനന്തരാവകാശികളായി നാല് ആൺമക്കളും മൂന്ന് പെൺമക്കളുമാണ് ഉള്ളതെന്നും, പെൺമക്കളിൽ ശ്രീമതി വിജല വിവാഹിതയാണെന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 17.10.2021 ൽ മാതാവ് മരണപെട്ടതിന് ശേഷം കുടുംബ പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ എല്ലാ രേഖകളുമുൾപ്പെടെ നിർദ്ദിഷ്ട സമയപരിധിയായ 3 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്. കെ. എസ്. ആർ. ഭാഗം 3, ചട്ടം 90(6) (ഇ) പ്രകാരം പെൻഷണറുടെ 25

വയസ്സിനു മുകളിൽ പ്രായമുള്ളതും വാർഷിക വരുമാനം 60,000/- രൂപയിൽ കുറവായതുമായ അവിവാഹിതരായ പെൺമക്കൾക്ക് കുടുംബ പെൻഷന് അർഹതയുണ്ട്.

(3) മേൽ സാഹചര്യത്തിൽ, റവന്യൂ വകുപ്പിൽവില്ലേജ്മാൻ ആയിരുന്ന എം.പി. നാരായണൻ നമ്പ്യാരുടെ (Late) കുടുംബ പെൻഷൻ 01.11.2021 തീയതി പ്രാബല്യത്തിൽ ടിയാന്റെ മക്കളായ കുമാരി ചന്ദ്രവല്ലി ടി. വി., കുമാരി ഹൈമവതി ടി. വി. എന്നിവർക്ക് ഇരുവർക്കും തുല്യമായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം. (അപേക്ഷയും അനുബന്ധ രേഖകളും സഹിതം)
ജില്ലാ കളക്ടർ, കണ്ണൂർ.
കുമാരി ചന്ദ്രവല്ലി ടി.വി., കൃഷ്ണ നിവാസ്, ജില്ലാ കോടതിക്ക് സമീപം, തലശ്ശേരി, കണ്ണൂർ 670 101.
കുമാരി ഹൈമവതി ടി.വി., കൃഷ്ണ നിവാസ്, ജില്ലാ കോടതിക്ക് സമീപം, തലശ്ശേരി, കണ്ണൂർ 670 101.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്, (11.11.2024 ലെ E: 2945964/EXP-D1/331/2024-ധന നമ്പർ റിമാർക്സ് പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/26/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 04-12-2024 12:46:54

സെക്ഷൻ ഓഫീസർ